**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **31-08-2022 - ൽ മറുപടിയ്ക്ക്**

**കൃഷി ദർശൻ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2022-ൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന "കൃഷിദർശൻ" പരിപാടി എന്താണ്; വ്യക്തമാക്കാമോ; | (എ) | **(എ)** : ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിലെ കർഷകരോടും തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികളോടും ഉദ്യോഗസ്ഥരോടും സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പരിപാടിയാണ് കൃഷിദർശൻ. പ്രസ്തുത പരിപാടി ഈ വർഷത്തെ സംസ്ഥാനതല കർഷക ദിനാചരണത്തോടനുബന്ധിച്ച് ചിങ്ങം 1 (2022 ആഗസ്റ്റ് 17) -ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.<br><br>സംസ്ഥാനത്തെ മുഴുവൻ കാർഷിക ബ്ലോക്കുകളിലും ഘട്ടംഘട്ടമായാണ് 'കൃഷിദർശൻ' പരിപാടി നടത്തുന്നത്. ഈ സാമ്പത്തിക വർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ജില്ലാതല പരിപാടിയായി ഒന്നാം ഘട്ടവും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ബ്ലോക്കുതല പരിപാടിയായി രണ്ടാം ഘട്ടവും ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്.<br><br>കൃഷിദർശൻ പരിപാടിയിൽ ബ്ലോക്കിലെ ഒരു പഞ്ചായത്തിനെ മാതൃകാഹരിത പോഷക ഗ്രാമമായും ജില്ലയിലെ ഒരു കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനായും പ്രഖ്യാപിക്കുന്നതായിരിക്കും. ഏറ്റവും നല്ല കർഷക/കർഷകൻ/കുട്ടിക്കർഷകൻ, കാർഷിക കർമ്മസേനാംഗം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, ഹരിത സ്കൂൾ, മാധ്യമ റിപ്പോർട്ടിംഗ്, നവീന കൃഷി രീതി കർഷകൻ, കർഷക സൗഹൃദ ബാങ്ക്, IFS ജൈവ പ്ലോട്ട്, Primary Agricultural Credit Societies (PACS) എന്നിവയ്ക്കും പുരസ്കാരം നൽകുന്നതാണ്. ജില്ലയിലെ ഏറ്റവും നല്ല കൃഷി/മണ്ണ് സംരക്ഷണ ഉദ്യോഗസ്ഥരെ ആദരിക്കുന്നതാണ്. പാരിതോഷിക/ |

| | | | |
|---|---|---|---|
| | | | കരാർ/താത്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെയും പ്രത്യേകമായി ആദരിക്കുന്നതാണ്. |
| (ബി) | ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി വിവിധ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ജില്ലകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | **(ബി):** ജനങ്ങളിൽ കൃഷിയോട് ആഭിമുഖ്യം വളർത്തുവാനായി ചിങ്ങം 1ന് കർഷകദിനത്തിൽ എല്ലാ ജില്ലകളിലും പുതുതായി വിവിധ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കൃഷി ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ കൃഷിയിടങ്ങൾ കണ്ടെത്തി നിലമൊരുക്കി വിവിധയിനം പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, ഫലവൃക്ഷത്തൈകൾ, വാഴ, മരച്ചീനി, കുരുമുളക്, നെല്ല്, തെങ്ങിൻതൈകൾ മുതലായവ നടുകയും കൂടാതെ ഗ്രോ ബാഗുകളിലും പച്ചക്കറിത്തൈകളും വിത്തുകളും നടുകയുണ്ടായി. അതോടൊപ്പം തരിശുഭൂമി കണ്ടെത്തി പുതിയതായി കൃഷി ആരംഭിക്കുവാൻ വേണ്ട ഒരുക്കങ്ങളും ചെയ്തിട്ടുണ്ട്.. |
| (സി) | ഏതൊക്കെ വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | **(സി):** എല്ലാ വിളകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുന്നവർക്ക് എന്തെല്ലാം സഹായം ചെയ്തു കൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | **(ഡി):** വിളയിറക്കിയവർക്കും പുതുതായി കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവർക്കും ആവശ്യമുള്ള എല്ലാ സാങ്കേതിക സഹായങ്ങളും മറ്റ് സഹായങ്ങളും നിലവിലെ കൃഷി വകുപ്പ് പദ്ധതികളുമായി ഏകോപിപ്പിച്ച് നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ